**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - 2017-18 സാമ്പത്തിക വർഷത്തെ ശബരിമല തീർത്ഥാടനത്തോടനുബന്ധിച്ച മുന്നൊരുക്കങ്ങൾക്കായി മുനിസിപ്പാലിറ്റികൾക്ക് സ്പെഷ്യൽ ഗ്രാന്റ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

സ.ഉ.(സാധാ.) നം. 3733/2017/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി: 21/11/2017

പരാമർശം:- 1. നഗരകാര്യ ഡയറക്ടറുടെ 27/10/2017 ലെ ഡി.സി.3-31466/2017 നമ്പർ കത്ത്.

2. 06/11/2017 ലെ സ.ഉ.(സാധാ)നം.3585/2017/തസ്വഭവ നമ്പർ ഉത്തരവ്.

3. 14/11/2017 ലെ സ.ഉ.(സാധാ)നം.3660/2017/തസ്വഭവ നമ്പർ ഉത്തരവ്.

4. ധനകാര്യ (ബഡ്ജറ്റ്-ജെ) വകുപ്പിന്റെ 18/11/2017 ലെ സ.ഉ(സാധാ)8697/2017/ധന നമ്പർ ഉത്തരവ്.

**ഉത്തരവ്**

2017-18 സാമ്പത്തിക വർഷത്തെ ശബരിമല തീർത്ഥാടനത്തോടനുബന്ധിച്ച് മുന്നൊരുക്കങ്ങൾക്കായി മുനിസിപ്പാലിറ്റികൾക്ക് തുക അനുവദിച്ച് നൽകണമെന്ന് പരാമർശം(1) പ്രകാരം നഗരകാര്യ ഡയറക്ടർ അഭ്യർത്ഥിച്ചു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം(4) പ്രകാരം 20,00,000/- (ഇരുപത് ലക്ഷം രൂപ) രൂപ അഡീഷണൽ ഓതറൈസേഷൻ വഴി അനുവദിച്ചതും ചേർത്ത് 1,00,00,000/-(ഒരു കോടി രൂപ) രൂപ '2217-05-192-77(NP-V)' എന്ന ശീർഷകത്തിൽ നിന്നും താഴെ പറയുന്ന മുനിസിപ്പാലിറ്റികൾക്ക് സ്പെഷ്യൽ ഗ്രാന്റായി അനുവദിച്ച് ഉത്തരവാകുന്നു.

| മുനിസിപ്പാലിറ്റികൾ | അനുവദിച്ച തുക |
|---|---|
| ചെങ്ങന്നൂർ | Rs. 25,00,000 |
| പത്തനംതിട്ട | Rs. 25,00,000 |
| തിരുവല്ല | Rs. 10,00,000 |
| ഏറ്റുമാനൂർ | Rs. 10,00,000 |
| പാല | Rs. 10,00,000 |
| പന്തളം | Rs. 20,00,000 |
| **ആകെ** | **Rs. 1,00,00,000** |

നഗരകാര്യ ഡയറക്ടർ പ്രസ്തുത ഗ്രാന്റ് മുനിസിപ്പാലിറ്റികൾക്ക് മാറി നൽകുവാൻ വേണ്ട സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

നടപ്പ സാമ്പത്തിക വർഷം "ശബരിമല തീർത്ഥാടനത്തിനുള്ള പ്രത്യേക ഗ്രാന്റ് 2515-00-198-34 (Non Plan-V)" എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 2.20 കോടി രൂപയിൽ പരാമർശം (3) പ്രകാരം പഞ്ചായത്തുകൾക്ക് അനുവദിച്ച 2.00 കോടി രൂപ കിഴിച്ച് ബാക്കി നിൽപ്പുള്ള 20 ലക്ഷം രൂപ തിരിച്ചടയ്ക്കുന്നതിനുള്ള ശുപാർശ പഞ്ചായത്ത് ഡയറക്ടർ അടിയന്തരമായി സർക്കാരിലേയ്ക്ക് സമർപ്പിക്കേണ്ടതാണ്.

മുനിസിപ്പൽ സെക്രട്ടറിമാർ പ്രസ്തുത ഗ്രാന്റ് ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട ആവശ്യങ്ങൾക്കായി മാത്രമാണ് ഉപയോഗിക്കുന്നതെന്ന് ഉറപ്പാക്കേണ്ടതും നഗരകാര്യ ഡയറക്ടർക്ക് ധനവിനിയോഗ സാക്ഷ്യപത്രം നൽകേണ്ടതുമാണ്. ഇത്തരത്തിൽ മുനിസിപ്പാലിറ്റികൾക്ക് ലഭ്യമായ തുക പെർഫോർമൻസ് ഓഡിറ്റ് വിഭാഗവും സംസ്ഥാന ഓഡിറ്റ് വകുപ്പും പ്രത്യേകം പരിശോധിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)
ടി.കെ.ജോസ് IAS
പ്രിൻസിപ്പൽ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം (ആവശ്യമായ നടപടിക്കായി)
ബന്ധപ്പെട്ട മുനിസിപ്പാലിറ്റി (പകർപ്പ് നഗരകാര്യ ഡയറക്ടർ മുഖേന)
റീജിയണൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യ വകുപ്പ്, കൊല്ലം.
അക്കൗണ്ടന്റ് ജനറൽ, (എ&ഇ / ആഡിറ്റ്/എൽബിഎ &എ,) കേരള, തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
ധനകാര്യ വകുപ്പ്
റവന്യൂ (ദേവസ്വം) വകുപ്പ്,
ഡയറക്ടർ, സ്റ്റേറ്റ് ആഡിറ്റ് ഡിപ്പാർട്ടുമെന്റ്, തിരുവനന്തപുരം.
എക്സി. ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
റീജിയണൽ പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, കൊല്ലം റീജിയൺ, കൊല്ലം.
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം,

സെക്ഷൻ ഓഫീസർ